Draft #24 of File T2/3808/22/DTE Approved by Senior Joint Director (ECS) on 22-Sep-2022 04:49 PM - Page 2

# സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്

## വിജ്ഞാപനം

## എം.ടെക് 2022-23 കോഴ്സിലേയ്ക്കുള്ള പ്രവേശനം

പ്രൊഫൈൽ, ഗേറ്റ് സ്കോർ, മാർക്ക്/ ഗ്രേഡ് എന്നിവ പരിശോധിക്കുന്നതിനും അപാകതകൾ പരിഹരിക്കുന്നതിനും ഓപ്ഷൻ രജിസ്ട്രേഷൻ/ഡിലീഷൻ/റീ -അറേൻജ്മെന്റിനും ഉള്ള അവസരം

2022-2023 അധ്യായന വർഷത്തെ എം.ടെക് കോഴ്സിലേയ്ക്കുള്ള പ്രവേശനത്തിനായി ഓൺലൈൻ അപേക്ഷ സമർപ്പിച്ച വിദ്യാർഥികൾക്ക് അവരുടെ പ്രൊഫൈൽ, ഗേറ്റ് സ്കോർ, മാർക്ക്/ ഗ്രേഡ് എന്നിവ പരിശോധിക്കുന്നതിനും അപാകതകൾ പരിഹരിക്കുന്നതിനും ഓപ്ഷൻ രെജിസ്ട്രേഷൻ/ഡിലീഷൻ /റീ -അറേൻജ്മെന്റിനുമുള്ള അവസരം നൽകുന്നു. ഇതിനായി സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ http://admissions.dtekerala.gov.in എന്ന വെബ് സൈറ്റിൽ **"M.Tech 2022"** എന്ന ലിങ്കിൽ അവരവരുടെ Registered email id യും pass word ഉം നൽകി log in ചെയ്തശേഷം **"View application"** എന്ന menu ൽ അപേക്ഷകന്റെ പ്രൊഫൈൽ പേജ് ദൃശ്യമാകുന്നതാണ്. പ്രൊഫൈൽ പേജിൽ അപേക്ഷയിൽ അനുവദിച്ചിട്ടുള്ള വ്യക്തിഗത വിവരങ്ങൾ, നേറ്റിവിറ്റി, സംവരണം മറ്റ് ആനുകൂല്യങ്ങൾ (ബാധകമെങ്കിൽ), ഗേറ്റ് സ്കോർ, മാർക്ക്/ ഗ്രേഡ് സംബന്ധിച്ചുള്ള വിവരങ്ങൾ എന്നിവയും ഫോട്ടോ, ഒപ്പ് എന്നിവയും ദൃശ്യമാകുന്നതാണ്.

ഫോട്ടോ, ഒപ്പ് എന്നിവ ഉൾപ്പെടെ മുകളിൽ പറഞ്ഞ ഏതെങ്കിലും വിവരങ്ങളിൽ ന്യൂനതകൾ ഉണ്ടെങ്കിൽ അവ പരിഹരിക്കുന്നതിനായി **"application correction"** എന്ന menu ൽ നൽകിയിട്ടുള്ള മെമ്മോകൾ വായിച്ചു മനസിലാക്കിയ ശേഷം അവ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ യഥാസ്ഥലങ്ങളിൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്. ഒന്നിലധികം പേജുകൾ ഉണ്ടെങ്കിൽ ഒറ്റ PDF ആയി അപ്‌ലോഡ് ചെയ്യേണ്ടതാണ്. അപ്‌ലോഡ് ചെയ്ത രേഖകളുടെ preview കാണാൻ കഴിയുന്നതാണ്.

അപ്‌ലോഡ് ചെയ്യുന്ന രേഖകൾ വ്യക്തമുള്ളതും പൂർണ്ണവുമായിരിക്കണം. **ന്യൂനതകൾ പരിഹരിക്കാൻ മറ്റൊരവസരം നൽകുന്നതല്ല.** പ്രൊഫൈലിൽ കാണിച്ചിട്ടുള്ളതും മെമ്മോ ഇല്ലാത്തതുമായ മറ്റ് വിവരങ്ങളിൽ തെറ്റുണ്ടെങ്കിൽ mtechadmission@cet.ac.in എന്ന mail ലേയ്ക്ക് അയക്കേണ്ടതാണ് . അങ്ങനെ അയയ്ക്കുന്ന mail-കളുടെ വിഷയം **"MCAP 2022-Rectification of defects- <candidate application number>"** എന്നായിരിക്കണം. അല്ലാതെ അയയ്ക്കുന്ന ഇ-മെയിലുകൾ സ്വീകരിക്കുന്നതല്ല.

പ്രൊഫൈൽ പേജിൽ കാണുന്ന മാർക്ക്/ ഗ്രേഡ് വിദ്യാർഥി അപേക്ഷയോടൊപ്പം നൽകിയിട്ടുള്ള മാർക്ക് ലിസ്റ്റ്കളിലുള്ള മാർക്ക്/ഗ്രേഡ് ആണ്. വ്യക്തമാകാത്തതോ കൃത്യമായ മാർക്ക്/ഗ്രേഡ് നല്കിയിട്ടില്ലാത്തതോ ആയ വിദ്യാർഥികളുടെ പ്രൊഫൈൽ പേജിൽ mark/Grade **'defect'** എന്നാകും കാണിച്ചിട്ടുള്ളത്. പ്രൊഫൈലിൽ കാണിച്ചിട്ടുള്ള Gate Score, Gate Subject, Gate mark എന്നിവയും യോഗ്യതാ പരീക്ഷയുടെ മാർക്ക്/ഗ്രേഡ് എന്നിവയും വിദ്യാർഥികൾ കൃത്യമായി പരിശോധിച്ച് ബോധ്യപ്പെടേണ്ടതും വ്യത്യാസമുള്ള പക്ഷം മുകളിൽ നൽകിയിട്ടുള്ള email ലേയ്ക്ക് അയയ്ക്കേണ്ടതുമാണ്.

ഗേറ്റ് സ്കോർ മാർക്ക് /ഗ്രേഡ് എന്നിവ പരിശോധിക്കുന്നതിന് ഇനിയൊരവസരം നൽകുന്നതല്ല. അഡ്മിഷൻ സമയത്തു GATE Score, GATE Subject യോഗ്യതാ പരീക്ഷയുടെ (B.tech/B.Arch) Mark/Grade എന്നിവ പരിശോധിക്കുന്നതും റാങ്ക് തയ്യാറാക്കാനായി പരിഗണിച്ചിട്ടുള്ള GATE Score, GATE Subject യോഗ്യതാ പരീക്ഷയുടെ മാർക്ക്/ഗ്രേഡ് എന്നിവയിൽ വ്യത്യാസമുള്ള പക്ഷം അഡ്മിഷൻ അസാധുവാകുന്നതാണ് . കൂടാതെ റാങ്ക് ലിസ്റ്റുകളിൽ നിന്ന് പുറത്താകുന്നതാണ് .

### Option Registration

അപേക്ഷാഫീസ് അടച്ചു ഇതുവരെയും ഓപ്ഷൻ രജിസ്റ്റർ ചെയ്യാത്തവർക്ക് ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യുന്നതിനും നേരത്തെ ചെയ്തവർക്ക് നിലവിലുള്ള ഓപ്ഷനുകളോടൊപ്പം പുതിയ ഓപ്ഷനുകൾ കൂട്ടി ചേർക്കുന്നതിനും നിലവിലുള്ളവ ക്രമീകരിക്കുന്നതിനും ഒഴിവാക്കുന്നതിനും ഇതോടൊപ്പം അവസരം

ഉണ്ടായിരിക്കുന്നതാണ്.

Option Registration/Deletion/Re-arrangement ചെയ്തശേഷം Confirmation- പേജിന്റെ പ്രിന്റ് എടുത്ത് സൂക്ഷിക്കേണ്ടതാണ്. Confirmation page, പരാതികൾ എന്നിവ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിലേയ്ക്ക് തപാൽ മുഖേന അയക്കാൻ പാടുള്ളതല്ല .

അപേക്ഷയിലെ പരാതികൾ പരിഹരിക്കുന്നതിനും മെമ്മോകൾ അപ്‌ലോഡ് ചെയ്യുന്നതിനും ഓപ്ഷൻ രെജിസ്ട്രേഷനുമുള്ള അവസാന തിയ്യതി 26/09/2022 ആണ്. അതിനുശേഷം ഈ സൗകര്യങ്ങൾ ലഭ്യമാകുന്നതല്ല.

<u>**കുറിപ്പ്**</u> :- Candidate portal-ലൂടെ അപ്‌ലോഡ് ചെയ്യുന്ന രേഖകൾ മാത്രമേ Memo clearance ന് സ്വീകരിക്കുകയുള്ളൂ. തപാൽ, ഇ-മെയിൽ എന്നിവ വഴി അയക്കുന്ന രേഖകൾ Memo clearance ആയി സ്വീകരിക്കുന്നതല്ല.

<u>കുറിപ്പ്:-</u>

1 ) <u>Nationality:- Prospectus Clause 4.1</u> പ്രകാരം അപേക്ഷകൻ Indian Citizen ആയിരിക്കണം . Nationality യുടെ മെമ്മോകളുടെ ന്യൂനതകൾ പരിഹരിക്കാത്തപക്ഷം അപേക്ഷ നിരുപാധികം നിരസിക്കുന്നതാണ് .

<u>2) Nativity:- Prospectus Clause 4.1.2(i)</u> പ്രകാരം അപേക്ഷകൻ Keralite അല്ലെങ്കിൽ താഴെ പറയുന്ന ആനുകൂല്യങ്ങൾ നിരസിക്കപ്പെടുന്നതാണ്.

(a) Reservation Category

(b) General Category- ക്ക് ബാധകമായ GATE Score ലെ കട്ട്ഓഫിനോ അതിന് മുകളിലോ സ്കോർ ഇല്ലാത്ത പക്ഷം GATE disqualified ആകുന്നതാണ്.

(c) Sponsored quota, Differentialy-abled തുടങ്ങിയ Special Reservation കളും fisherman, poor home Inmates തുടങ്ങിയ fees concession-കളും നിരസിക്കപ്പെടുന്നതാണ്.

<u>3) Reservation Category:-</u> ഇത് സംബന്ധിച്ച് മെമ്മോകൾ അപ്‌ലോഡ് ചെയ്യാത്തപക്ഷം Prospectus Clause 3.6.2, 3.6.3 പ്രകാരം SC/ST/SEBC/OEC/EWS എന്നീ റിസർവേഷൻ ക്ലെയിമുകൾ നഷ്ടമാകുന്നതാണ്. കൂടാതെ മുകളിൽ 2(b) ൽ നൽകിയിട്ടുള്ളത് പ്രകാരം GATE Disqualified ആകുന്നതാണ്. SC/ST candidates ജനറൽ ആയി മാറുകയും ബാക്കിയുള്ള അപേക്ഷാഫീസ് അടയ്ക്കാൻ ഇടയാകുന്നതും അല്ലാത്തപക്ഷം അപേക്ഷ നിരസിക്കപ്പെടുന്നതാണ് .

ഡോ.സിസ തോമസ്
സീനിയർ ജോയിൻറ് ഡയറക്ടർ (ഇ.സി.എസ്)

Draft #24 of File T2/3808/22/DTE Approved by Senior Joint Director (ECS) on 22-Sep-2022 04:49 PM - Page 3